# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 500

12.06.2012 ൽ മറുപടിയ്ക്ക്

## വയനാട് ജില്ലാ സഹകരണ ബാങ്കിലെ ഡെപ്പോസിറ്റ് കളക്ഷൻ ഏജന്റുമാർക്ക് ക്ഷേമനിധി ഏർപ്പെടുത്താൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ | | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലെ ഡെപ്പോസിറ്റ് കളക്ഷൻ ഏജന്റുമാർക്ക് നൽകി വരുന്ന സേവന വേതന വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ ഡെപ്പോസിറ്റ് കളക്ഷൻ ഏജന്റുമാർക്ക് നൽകി വരുന്ന സേവന വേതന വ്യവസ്ഥകൾ താഴെപ്പറയും പ്രകാരമാണ്.<br>1.നിക്ഷേപ പിരിവുകാർക്ക് ലഭിക്കുന്ന കമ്മീഷൻ തുകയുടെ $^2/_3$ ഭാഗം പ്രതിമാസ വേതനമായി നൽകുന്നതാണ്. ടി തുക 4000/- രൂപയിൽ അധികരിക്കുവാൻ പാടില്ല.<br>2. കമ്മീഷൻ ഏജന്റുമാരുടെ വിരമിക്കൽ പ്രായം 70 വയസ്സാണ്.<br>3. കമ്മീഷൻ ഏജന്റുമാരുടെ ബോണസ്സ്/ഫെസ്റ്റിവൽ അലവൻസ് 2500/- രൂപയാണ്. ബോണസ് കണക്കാക്കുന്നതിനുള്ള ശമ്പള പരിധി 4000/- രൂപയാണ്.<br>4. കമ്മീഷൻ ഏജന്റുമാർക്ക് ഏറ്റവും കുറഞ്ഞത് 2 ശതമാനവും, പരമാവധി 3 ശതമാനവും കമ്മീഷൻ ലഭിക്കുന്നതാണ്.<br>5. കമ്മീഷൻ ഏജന്റുമാരായി ജോലി നോക്കുന്നവർക്ക് അതാത് സഹകരണ സ്ഥാപനങ്ങൾ 31.12.2009 നകം തിരിച്ചറിയൽ കാർഡുകൾ നൽകേണ്ടതാണ്.<br>6. കമ്മീഷൻ ഏജന്റുമാരായി നിയമനം ലഭിക്കുന്നവരിൽ നിന്നും 10,000/- രൂപയുടെ സെക്യൂരിറ്റി നിക്ഷേപവും, ഇൻഡമിനിറ്റി ബോണ്ടും അതാത് |

| | | |
|---|---|---|
| | | സംഘം വാങ്ങേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം ഇത് സംബന്ധിച്ച് ബാധ്യത സംഘം സെക്രട്ടറിക്കായിരിക്കും.<br>7. വെൽഫയർ ഫണ്ട് ബോർഡിൽ യഥാസമയം ക്ഷേമനിധി വിഹിതം ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്ന സംഘം സെക്രട്ടറിമാരിൽ നിന്നും കുടിശ്ശിക തുകയ്ക്ക് 12% പലിശ ഈടാക്കുന്നതാണ്.<br>8. നിക്ഷേപ സമാഹരണ കാലയളവിൽ ഏറ്റവും കൂടുതൽ തുക നിക്ഷേപമായി സമാഹരിക്കുന്ന ഏജന്റുമാർക്ക് സംഘം തലത്തിലും ജില്ലാതലത്തിലും 2000/- രൂപ വീതവും സംസ്ഥാന തലത്തിൽ 10,000/- രൂപയും ക്യാഷ് അവാർഡ് നൽകുന്നതാണ്.<br>9. കമ്മീഷൻ ഏജന്റുമാർക്ക് ചികിത്സാ ധനസഹായമായി 20,000/- രൂപ ലഭിക്കുന്നതിന് അർഹതയുണ്ട്.<br>10. കമ്മീഷൻ ഏജന്റുമാരുടെ ആശ്രിതർക്ക് 5000/- രൂപ ചികിത്സാ ധനസഹായമായി അനുവദിക്കുന്നതാണ്.<br>11. സർവീസിലിരിക്കെ മരണമടയുന്ന കമ്മീഷൻ ഏജന്റുമാരുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായമായി 50,000/- രൂപ ലഭിക്കുന്നതാണ്. |
| (ബി) വയനാട് ജില്ലാ സഹകരണ ബാങ്കിലെ ഡെപ്പോസിറ്റ് കളക്ഷൻ ഏജന്റുമാർക്ക് ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;<br><br>(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (സി) & (ഡി) | വയനാട് ജില്ലാ സഹകരണ ബാങ്കിൽ 22 കളക്ഷൻ ഏജന്റുമാർ സേവനമനുഷ്ഠിച്ചുവരുന്നു. ടി ബാങ്കിന് കളക്ഷൻ ഏജന്റുമാരുടെ ഏഴ് തസ്തിക അനുവദിച്ചു നൽകിയിട്ടുണ്ട്. തസ്തിക അനുവാദം ലഭിച്ച തസ്തികയിൽ സേവനം അനുഷ്ഠിച്ചുവരുന്ന 7 കളക്ഷൻ ഏജന്റുമാർക്കും ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ട്. തസ്തികാനുവാദം ലഭിച്ചിട്ടില്ലാത്തതിനാൽ 15 കളക്ഷൻ ഏജന്റുമാർക്ക് ക്ഷേമനിധി ഏർപ്പെടുത്തിയിട്ടില്ല. |

| | | |
|---|---|---|
| (ഇ) | പ്രസ്തുത കളക്ഷൻ ഏജന്റുമാർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) തസ്തികാനുവദം ഇല്ലാതെ കളക്ഷൻ ഏജന്റുമാരെ നിയമിച്ചത് സംബന്ധിച്ച് പരിശോധിക്കുന്നതും, തസ്തിക അനുവാദത്തിന് അപേക്ഷ ലഭിക്കുന്ന പക്ഷം, പരിശോധിച്ച് നിയമാനുസൃതം തീരുമാനം കൈക്കൊള്ളുന്നതുമാണ്. |

സെക്ഷൻ ഓഫീസർ